# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ വ്യവസായ വികസനം</u>

563 ശ്രീ. റോഷി അഗസ്റ്റിൻ
'' എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാവസായികമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ജില്ലകൾ ഏതെല്ലാമാണ്;

(ബി) വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ കിൻഫ്ര എത്രത്തോളം വിജയിച്ചുവെന്ന് കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തനം വിലയിരുത്തി വ്യക്തമാക്കാമോ;

(സി) വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന മേഖലയിൽ നിന്നുള്ള സംരംഭകർക്ക് വ്യവസായം തുടങ്ങുന്നതിന് നടപ്പു സാമ്പത്തിക വർഷം പ്രത്യേക പരിഗണനയും പ്രോത്സാഹനവും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

കേന്ദ്ര നിക്ഷേപ പദ്ധതികൾ

564 ശ്രീ. എ. കെ. ബാലൻ
'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' പി. റ്റി. എ. റഹീം
'' കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്രനിക്ഷേപം നേടിയെടുക്കുന്നതിൽ ഈ സർക്കാർ കടുത്ത അലംഭാവം കാട്ടിയതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനുവദിച്ച പദ്ധതികൾ പോലും യാഥാർത്ഥ്യമാക്കുന്നതിന് സാധിച്ചിട്ടില്ലെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) കേന്ദ്രവും സംസ്ഥാനവും ഒരേ കക്ഷി ഭരിച്ചത് കേന്ദ്രനിക്ഷേപം നേടിയെടുക്കാൻ സഹായകരമായിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് കേന്ദ്രപൊതുമേഖലയിൽ എന്തു നേട്ടം ഉണ്ടാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

വ്യവസായരംഗത്ത് കൂടുതല്‍ നേട്ടങ്ങള്‍ക്കുള്ള കര്‍മ്മപദ്ധതികള്‍

565 ശ്രീ. എം. എ. വാഹീദ്
,, ജോസഫ് വാഴക്കന്‍
,, പി. എ. മാധവന്‍
,, വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വ്യവസായരംഗത്ത് കൂടുതല്‍ നേട്ടങ്ങള്‍ കൈവരിക്കുന്നതിന് എന്തെല്ലാം കര്‍മ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി കേന്ദ്ര പൊതുമേഖലയുമായി സഹകരിച്ച് പദ്ധതികള്‍ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായാണ് സഹകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഈ സര്‍ക്കാരിന്റെ കാലത്ത് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് വ്യവസായ രംഗം എത്രമാത്രം പുരോഗതി പ്രാപിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി പദ്ധതി</u>

566 ശ്രീ. ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. പി. സജീന്ദ്രൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പദ്ധതിയുടെ മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പദ്ധതി നടത്തിപ്പിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ഡി) പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്;

(ഇ) സ്മാർട്ട് സിറ്റിയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ;

(എഫ്) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവര്‍ത്തനം</u>

567 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങള്‍ ലാഭകരമായി പ്രവര്‍ത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കാമോ;

(ബി) 1.1.2011-ലെ കണക്ക് പ്രകാരം ഏതെല്ലാം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങള്‍ ലാഭകരമായി പ്രവര്‍ത്തിച്ചിരുന്നു; വിശദാംശം ലഭ്യമാക്കാമോ;

(സി) നഷ്ടത്തില്‍ പ്രവര്‍ത്തിച്ചുവരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങള്‍ ഏതെല്ലാം; പ്രസ്തുത സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനായുള്ള റിവൈവല്‍ പാക്കേജ് നടപ്പിലാക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

568 ശ്രീ.കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതൊക്കെ കാലഘട്ടത്തിലാണ് ആരംഭിച്ചിട്ടുളളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ</u>

569 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആകെ എത്ര വ്യവസായ സ്ഥാപനങ്ങളാണ് പൊതുമേഖലയിൽ പ്രവർത്തിക്കുന്നത്; അവയിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നു; എത്രയെണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുന്നു; വിശദമാക്കുമോ;

(ബി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ ആകെ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ പുതുതായി എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ടം സംബന്ധിച്ച പരിശോധന</u>

570 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ടം സംബന്ധിച്ച പരിശോധനയുടെ അടിസ്ഥാനത്തിൽ 2005-06 മുതൽ 2010-11 വരെ കമ്പനികളുടെ വർഷം തിരിച്ചുള്ള ലാഭ-നഷ്ട കണക്കുകൾ വ്യക്തമാക്കുമോ;

(ബി) മേൽ സൂചിപ്പിച്ച പൊതുമേഖലാസ്ഥാപനങ്ങളുടെ ലാഭ നഷ്ടകണക്ക് 2011-12 മുതൽ 2013-14 വരെയുള്ളത് വർഷം തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പ്രവര്‍ത്തനം ആരംഭിക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങള്‍</u>

571 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് സ്ഥാപിച്ച പുതിയ പൊതു മേഖലാ യൂണിറ്റുകളില്‍ ഏതെല്ലാമാണ് പ്രവര്‍ത്തനമാരംഭിച്ചത്;

(ബി) പ്രവര്‍ത്തിക്കാത്തവ ഏതെല്ലാമാണ്;

(സി) പ്രവര്‍ത്തനം ആരംഭിക്കാത്ത യൂണിറ്റുകള്‍ എന്നത്തേയ്ക്ക് പ്രവര്‍ത്തനം ആരംഭിക്കും ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

കെ.എസ്.ഐ.ഇ.യുടെ കീഴിൽ വിപണനം നടത്തുന്ന പൊതു മേഖലാ സ്ഥാപന ഉൽപ്പന്നങ്ങൾ

572 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഇ.യുടെ കീഴിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളാണ് വിപണനം ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സർക്കാർ ഔട്ട്ലെറ്റുകളിൽ ഈ ഉൽപ്പന്നം വിറ്റഴിക്കുന്നുണ്ട്;

(സി) സർക്കാർ മേഖലയിലും സഹകരണ മേഖലയിലുമുള്ള എല്ലാ ചില്ലറ വിപണന സ്ഥാപനങ്ങളിലും കെ.എസ്.ഐ.ഇ.യിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ വാങ്ങി വിപണനം നടത്തണമെന്ന് നിർദ്ദേശം നൽകുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>എമർജിംഗ് കേരള സംഗമം</u>

573 ശ്രീ. പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നടത്തിയ എമർജിംഗ് കേരള സംഗമത്തിന്റെ ഭാഗമായുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സംഗമത്തിൽ വന്ന എത്ര പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ;

(സി) എത്ര പദ്ധതികളിലാണ് (എം.ഒ.യു) ഒപ്പിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) സംഗമത്തിൽ വന്നതും നടപ്പാക്കാൻ തീരുമാനിച്ചതുമായ പദ്ധതികൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

''എമർജിങ് കേരള'' പദ്ധതി

574 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''എമർജിങ് കേരള'' പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പദ്ധതികളാണ് ആരംഭിക്കാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെങ്കിലും പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി</u>

575 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കണ്ണൂർ ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലൂടെയാണ് പൈപ്പ് ലൈൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത പ്രദേശങ്ങളിലെ സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി അറിയിക്കുമോ;

(സി) ഭൂമി നഷ്ടപ്പെടുന്നവർക്ക് ഏതു വിധത്തിലുള്ള നഷ്ടപരിഹാരമാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>വൈപ്പിൻ മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ</u>

576 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) അക്ഷയ കേന്ദ്രങ്ങളിൽ ഓരോ സേവനത്തിനുമുള്ള ഫീസ് പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ഡി) വൈപ്പിൻ മണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ നിലവിലുണ്ടെന്നും, ഏതെല്ലാം പഞ്ചായത്തുകളിൽ അക്ഷയ കേന്ദ്രങ്ങളുടെ സേവനം ഇല്ലായെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ വ്യവസായ വികസനം</u>

577 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വ്യവസായ വികസനത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ജില്ലയിൽ തരിശ് കിടക്കുന്ന റവന്യൂ ഭൂമി പ്രയോജനപ്പെടുത്തി പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പാലൂർകോട്ട വ്യവസായ എസ്റ്റേറ്റ്</u>

578 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലൂർകോട്ട വ്യവസായ എസ്റ്റേറ്റായി പ്രഖ്യാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

പാര്‍വ്വതി മില്ലിന്റെ വസ്തുക്കളും കെട്ടിടങ്ങളും ഏറ്റെടുക്കുന്നതിന് നടപടി

579 ശ്രീ. പി. കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലത്തുള്ള പ്രവര്‍ത്തനരഹിതമായ പാര്‍വ്വതി മില്ലിന്റെ വസ്തുക്കളും കെട്ടിടങ്ങളും സര്‍ക്കാര്‍ ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച് നാഷണല്‍ ടെക്സ്റ്റയില്‍സ് കോര്‍പ്പറേഷന്‍ ഉദ്യോഗസ്ഥരുമായി ചര്‍ച്ച നടത്തിയോ; എങ്കില്‍ എന്ത് തീരുമാനമാണ് കൈക്കൊണ്ടത് എന്നറിയിക്കാമോ; ഇല്ലെങ്കില്‍ ബന്ധപ്പെട്ടവരുടെ മീറ്റിംഗ് വിളിക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

കൊല്ലത്ത് കാഷ്യു ബോർഡ്

580 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലത്ത് കാഷ്യു ബോർഡ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കാഷ്യു ബോർഡ് സ്ഥാപിക്കുന്നതിന് നിലവിലുളള തടസ്സങ്ങൾ എന്തെല്ലാം; പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാർ കൂടുതലുള്ള നിയമസഭാ മണ്ഡലങ്ങളിൽ വ്യവസായ വകുപ്പിന്റെ പുതിയ പദ്ധതികൾ</u>

581 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാർ കൂടുതലുള്ള നിയമസഭാമണ്ഡലങ്ങളിൽ വ്യവസായ വകുപ്പ് പുതിയ പദ്ധതികൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>മാവൂർ ഗ്വാളിയർ റയൺസിന് ഏറ്റെടുത്ത സ്ഥലത്ത് പുതിയ വ്യവസായം</u>

T582 ശ്രീ. പി. റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയർ റയൺസിന് മാവൂർ വില്ലേജിൽ എത്ര സ്ഥലമാണ് പൊന്നും വിലയ്ക്ക് ഏറ്റെടുത്ത് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഫാക്ടറി പ്രവർത്തിക്കാത്ത സാഹചര്യത്തിൽ ഈ സ്ഥലം ഏറ്റെടുത്ത നടപടിയെ ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജി ഹൈക്കോടതി തീർപ്പാക്കിയിട്ടുണ്ടോ;

(സി) ഇവിടെ പുതിയ വ്യവസായം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ജില്ലയിലെ 13 എം.എൽ.എ മാർ ഒപ്പിട്ട നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

കേരള സോപ്സിന്റെ സാമ്പത്തിക സ്ഥിതി

583 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കേരളാ സോപ്സ് എന്ന സ്ഥാപനം ആരംഭിച്ചതിനുശേഷം പ്രസ്തുത സ്ഥാപനത്തിന്റെ ഇതുവരെയുള്ള ഓരോ വർഷത്തേയും സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

കെ.എസ്.സി.ഡി.സി, കാപക്സ് എന്നീ സ്ഥാപനങ്ങളിലെ തൊഴിൽ ദിനങ്ങൾ

584 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്.സി.ഡി.സി, കാപക്സ് എന്നീ സ്ഥാപനങ്ങളിലെ 2011, 2012, 2013, 2014 മെയ് വരെയുള്ള വർഷങ്ങളിലെ തൊഴിൽ ദിനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) 2011 മേയ് മാസം 20 വരെ ഒരു ഘട്ടം ആയും അതിനു ശേഷം ഡിസംബർ വരെയുള്ള കാലയളവ് അടുത്ത ഘട്ടമായും കണക്കാക്കി തൊഴിൽ ദിനങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കിനാലൂരിലെ വ്യവസായ വളർച്ചാകേന്ദ്രത്തിൽ വൈദ്യൂതി കണക്ഷൻ</u>

585 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിനാലൂരിലെ വ്യവസായ വളർച്ചാകേന്ദ്രത്തിൽ (കെ.എസ്.ഐ.ഡി.സി) തടസ്സമില്ലാതെ വൈദ്യുതി ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട 110 കെ.വി. സബ്സ്റ്റേഷൻ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കാമോ;

(സി) കെ.എസ്.ഇ.ബി. അനധികൃതരുമായി ഇതു സംബന്ധിച്ച് കൂടിയാലോചന നടത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കിൻഫ്രയുടെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുക്കൽ</u>

586 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിറക്കര ഗ്രാമപഞ്ചായത്തിൽ കിൻഫ്രയുടെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചപ്പോൾ ഏത്ര ഏക്കർ സ്ഥലമാണ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂപ്രദേശം മേർപ്പറഞ്ഞ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിത്തരണമെന്ന് കാണിച്ച് പ്രാദേശിക നിരീക്ഷണ സമിതിക്ക് കിൻഫ്രെ ഏതു തീയതിയിലാണ് അപേക്ഷ സമർപ്പിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ അപേക്ഷയിന്മേൽ നാളിതുവരെയുള്ള പുരോഗതി അറിയിക്കുമോ; ഭൂമി ഏറ്റെടുക്കൽ നടപടികൾ ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>കിൻഫ്രയുടെ അപ്പാരൽ പാർക്ക്</u>

587 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വ്യവസായ വകുപ്പിനുകീഴിൽ പുതുതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത സ്ഥാപനങ്ങൾ വഴി എത്ര പേർക്കാണ് പുതുതായി തൊഴിൽ ലഭിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) റാന്നിയിൽ ആരംഭിക്കാനിരുന്ന കിൻഫ്രയുടെ അപ്പാരൽ പാർക്ക് ഇനിയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം
വിശദമാക്കുമോ;

(സി) ഇതിനായി കിൻഫ്രയ്ക്ക് റാന്നി ഉതിമൂട്ടിൽ അനുവദിച്ച പി.ഐ.പി വക ഭൂമി കാടുകയറി മൂടുകയാണെന്ന പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അപ്പാരൽ പാർക്ക് തുടങ്ങുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ കിൻഫ്രയ്ക്ക് ലഭിച്ചിട്ടുള്ള പ്രസ്തുത സ്ഥലത്ത് കിൻഫ്രയുടെ തന്നെ ഉടമസ്ഥയിൽ മറ്റേതെങ്കിലും വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

### അങ്കമാലി -വ്യവസായ പാർക്ക്

588 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുളള കിൻഫ്രാ വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ 2008 ലെ നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെ ബന്ധപ്പെടുത്തി ലാൻഡ് അക്വിസിഷൻ നടപടി ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു. പി.(സി)33795/2010 കേസിലെ സ്റ്റേ ഉത്തരവ് ഒഴിവാക്കി കിട്ടുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുളള നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) സ്റ്റേ ഉത്തരവ് ഒഴിവാക്കി കിട്ടുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>കൊരട്ടിയിൽ കിൻഫ്രയുടെ വികസനം</u>

589 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊരട്ടിയിലെ കിൻഫ്രയുടെ വികസനത്തിനായി, ഗവൺമെന്റ് ഓഫ് ഇന്ത്യാ പ്രസ്സിന്റെ കൈവശമുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണം</u>

590 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനായി 28-2-2011-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 3969.30 കോടി രൂപയുടെ റിവൈവൽ റിഫോം & റിസ്ട്രക്ചറിംഗ് പാക്കേജിൽ എന്തെല്ലാം ധനസഹായങ്ങളാണ് ഉൾക്കൊള്ളിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതനുസരിച്ച് സംസ്ഥാന സർക്കാർ എത്ര കോടി രൂപയുടെ ധനസഹായത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചുവെന്നും, എത്ര കോടിരൂപയുടെ ധനസഹായം 31-3-2014 വരെ ലഭ്യമാക്കിയെന്നും സംഘം തിരിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കൈത്തറി സഹകരണ സംഘങ്ങളെ കടത്തിൽ നിന്നും രക്ഷിക്കുന്നതിന് പദ്ധതി</u>

591 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി സഹകരണ സംഘങ്ങളെ കടത്തിൽ നിന്നും രക്ഷിക്കുന്നതിന് കേന്ദ്രം പ്രഖ്യാപിച്ച പദ്ധതിയനുസരിച്ച് സഹകരണ സംഘങ്ങൾക്ക് ലഭ്യമാകേണ്ട തുക ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം സഹകരണ സംഘങ്ങൾക്ക് എത്ര തുക വീതം ലഭ്യമായി എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

കൈത്തറിമേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി

592 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൈത്തറി മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കണമെന്നും, ഇൻകം സപ്പോർട്ട് ദിവസം 150 എന്നത് 300 ആക്കണമെന്നും ഇൻകം സപ്പോർട്ട് വർഷത്തിൽ 100 ദിവസം എന്നത് 240 ദിവസമാക്കി ഉയർത്തണമെന്ന ട്രേഡ് യൂണിയനുകളുടെ ആവശ്യത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

കൈത്തറി സഹകരണ സംഘങ്ങൾക്ക് നൽകാനുള്ള റിബേറ്റ് കുടിശ്ശിക

593 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങൾക്ക് ലഭിക്കാനുള്ള റിബേറ്റ് കുടിശ്ശിക അടിയന്തരമായി നൽകണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) റിബേറ്റ് ഇനത്തിൽ സഹകരണസംഘങ്ങൾക്ക് എത്ര രൂപ കൊടുത്തുതീർക്കാനുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>കൈത്തറി സെക്ടറിന്റെ റിവൈവല്‍ റിഫോം റിസ്ട്രക്ച്ചറിംഗ് പാക്കേജ്</u>

594 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൈത്തറി സെക്ടറിന്റെ റിവൈവല്‍ റിഫോം റിസ്ട്രച്ച റിംഗ് പാക്കേജ് പ്രകാരം സംഘങ്ങള്‍ക്ക് ധനസഹായം ലഭിക്കുന്നതിന് തുടക്കത്തില്‍ നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ നിബന്ധനകള്‍ പിന്നീട് ഭേദഗതി ചെയ്യുകയുണ്ടായോ ; എങ്കില്‍ എന്തൊക്കെ ഭേദഗതികളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള പുനരുദ്ധാരണ പാക്കേജ്</u>

595 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനരുദ്ധാരണ പാക്കേജ് പ്രകാരം പ്രാഥമിക കൈത്തറി സഹകരണസംഘങ്ങളുടെ ഏതു വർഷം വരെയുള്ള കടബാദ്ധ്യതയാണ് എഴുതിത്തള്ളിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ ജില്ലയിലും കടബാദ്ധ്യത ഒഴിവാക്കാൻ പാക്കേജ് സ്കീം പ്രകാരം ആകെ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; ജില്ല തിരിച്ചുള്ള സംഘങ്ങളുടെ പേരും അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുകയും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

കൈത്തറി തൊഴിലാളികളുടെ പെൻഷൻ

596 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി തൊഴിലാളികളുടെ പെൻഷൻ 2000 രൂപയായി ഉയർത്തണമെന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) നിലവിൽ കൈത്തറി തൊഴിലാളികളുടെ പെൻഷൻ ഏതു മാസം മുതൽ കുടിശ്ശികയാണ്; ഇത് എന്ന് കൊടുത്തു തീർക്കും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഐ.ഡി.സി ബിസിനസ്സ് സംഗമം</u>

597 ശ്രീ. കെ. മുരളീധരൻ
'' സണ്ണി ജോസഫ്
'' പാലോട് രവി
'' എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി ബിസിനസ്സ് സംഗമം സംഘടിപ്പിക്കുകയുണ്ടായോ; വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സംഗമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പെട്രോ കെമിക്കൽ വ്യവസായരംഗത്ത് മുതൽമുടക്ക്, തൊഴിൽ സാധ്യത എന്നിവയുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങൾ പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടുവെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ബിസിനസ്സ് സംഗമത്തിൻമേൽ എന്തെല്ലാം തുടർ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ബോക്സൈറ്റ് ഖനനം</u>

598 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, ഐ. സി. ബാലകൃഷ്ണൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ ബോക്സൈറ്റ് ഖനനത്തിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ നൽകിയ അനുമതി റദ്ദാക്കണമെന്നും ഇത് സംബന്ധിച്ച് നടന്ന ഇടപാടുകളെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ട് കത്ത് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ കത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>സ്റ്റാർട്ട് അപ് വില്ലേജുകൾ</u>

599 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ട് അപ് വില്ലേജുകൾ വഴി എത്ര നവ സംരംഭകരെ കണ്ടെത്താൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതു ജില്ലയിൽ നിന്നാണ് ഏറ്റുവും കൂടുതൽ സംരംഭകർ ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച്, അഭിരുചിക്കനുസൃതമായ സ്റ്റാർട്ട് അപ്പ് വില്ലേജുകൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>ഐ. ടി. വികസന പദ്ധതി</u>

600 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പുസാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ടെക്നോലോഡ്ജ് പദ്ധതി സംസ്ഥാനത്ത് കൂടുതൽ കേന്ദ്രങ്ങളിൽ ആരംഭിയ്ക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഐ. ടി. വികസനത്തിനായി എത്ര ഭൂമി ഇതിനോടകം ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ഡി) നടപ്പുസാമ്പത്തിക വർഷം ഐ. ടി. മേഖലയിൽ എന്തു തുകയുടെ നിക്ഷേപം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

ഇ-ഡിസ്ട്രിക്ട് പദ്ധതി

601 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഐ.ടി. വ്യവസായം പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-ഡിസ്ട്രിക്ട് പദ്ധതി ഇപ്പോൾ ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിയെന്നും അതിന്റെ പുരോഗതികൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ എന്തെല്ലാമാണ്; പദ്ധതി കൂടുതൽ താഴെത്തട്ടിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

നിയോജകമണ്ഡലങ്ങൾതോറും ഐ. ടി. പാർക്ക്

602 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജകമണ്ഡലത്തിലും ഒരു ഐ. ടി. പാർക്ക് വീതം ആരംഭിക്കുന്നതിന് പദ്ധതി ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) തൊഴിലില്ലായ്മക്ക് പരിഹാരം കാണുന്നതിന് ഐ. ടി. സെക്ടറിൽ കൂടുതൽ പദ്ധതികൾ ആരംഭിക്കുവാൻ നടപടികൾ ഉണ്ടാകുമോ;

(സി) ഐ. ടി. യിലൂടെ കൂടുതൽ വരുമാനം ഉണ്ടാകുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ഇൻകെൽ - എജ്യൂസിറ്റി</u>

603 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിലെ ഇൻകെൽ - എജ്യൂസിറ്റിയിൽ ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം പുതിയ സംരംഭങ്ങൾ ആരംഭിച്ചുവെന്നും പുതുതായി എന്തെല്ലാം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) 2013-14 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യ ഹൈടെക് പാർക്കുകളെ സഹായിക്കുന്ന പദ്ധതി</u>

604 ശ്രീ.കെ. ശിവദാസൻ നായർ
,, ആർ. സെൽവരാജ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയിൽ സ്വകാര്യ ഹൈടെക് പാർക്കുകളെ സഹായിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എന്തെല്ലാം ധന സഹായങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ധനസഹായം നൽകുന്നതിന് ഏന്തെല്ലാം നിബന്ധനകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

<u>ഐ.ടി പാർക്കുകളിൽ പ്രവർത്തിക്കുന്ന കമ്പനികൾ</u>

605 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി പാർക്കുകളിൽ എത്ര കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയിൽ എത്ര വിദേശ കമ്പനികളും എത്ര സ്വദേശ കമ്പനികളും പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കമ്പനികളുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ടേൺ ഓവർ എത്രയെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

## അഴിക്കോട് സൈബർ പാർക്ക്

606 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് സൈബർ പാർക്കിൽ ബേസിക് ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ് എന്തെല്ലാം വികസിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പാർക്കിന് എത്ര ഏക്കർ സ്ഥലം സ്വന്തമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പുതുതായി എത്ര സ്ക്വയർഫീറ്റ് കെട്ടിടം നിർമ്മിച്ചിട്ടുണ്ടെന്നും പുതുതായി നിർമ്മിക്കാനായി വിളിച്ച ടെണ്ടർ പ്രകാരമുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) കോമ്പൗണ്ട്വാൾ, ഇന്റേണൽ റോഡ്, കോമൺ ഫെസിലിറ്റീസ് സെന്റർ, വാട്ടർ സപ്ലൈ സ്കീം, ഫുഡ്കോർട്ട്, പവർ സബ് സ്റ്റേഷൻ ഇവയെല്ലാം സ്ഥാപിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) കെ.എസ്.ഐ.ടി.ഐ യുടെ ഭാഗമായി കോഴിക്കോട് ഓഫീസ് പ്രവർത്തിക്കുന്നുണ്ടോയെന്നും എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്രപേർ അവിടെ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്) വിഭാവനം ചെയ്ത പദ്ധതി കാര്യക്ഷമമായി നടക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്നും ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ജി) കാര്യപ്രാപ്തിയും കാര്യക്ഷമതയും ഉള്ള ഉദ്യോഗസ്ഥരെ നിയോഗിച്ച് കോഴിക്കോട് ആഫീസിന്റെയും അതുവഴി പദ്ധതിയുടെയും പ്രവർത്തനം ഊർജ്ജിതമാക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഐ.ടി. പാർക്ക്</u>

607 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയ്ക്കായി അനുവദിച്ച ഐ.ടി. പാർക്കിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും ഈ ഐ.ടി. പാർക്ക് എന്ന് തുടങ്ങാൻ കഴിയുമെന്നും വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എതൊക്കെ ജില്ലകളിലാണ് പുതുതായി ഐ.ടി. പാർക്ക് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>വരവൂർ വ്യവസായ പാർക്ക്</u>

608 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ വരവൂർ വ്യവസായ പാർക്ക് പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യലാക്കാമോ;

(സി) ഈ വർഷം തന്നെ ഇവിടെ വ്യവസായ സംരംഭങ്ങൾക്കാവശ്യമായ പദ്ധതികൾ പൂർത്തിയാക്കി മറ്റ് തുടർനടപടികൾ ആരംഭിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ഐ.ടി കമ്പനി ജീവനക്കാർക്ക് പ്രസവാവധി</u>

609 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പല സ്വകാര്യ ഐ.ടി കമ്പനികളും ജീവനക്കാരായ സ്ത്രീകൾക്ക് പ്രസവാവധി നൽകുന്നതിൽ വിമുഖത കാണിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസുകളിലെ സോഫ്റ്റ് വെയർ മാറ്റം</u>

610 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലാകെ നിലവിൽ വ്യാപകമായി ഉപയോഗിച്ചുവരുന്ന വിൻഡോസ്-എക്സ്പി സോഫ്റ്റ് വെയർ വിൻഡോസ്-8 ലേക്ക് മാറ്റുന്നതിനുള്ള സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇതിലേക്കാവശ്യമായി വരുന്ന തുക എത്രയെന്ന് നിശ്ചയിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) മേൽസാഹചര്യത്തിൽ വിൻഡോസ് - 8 ലേയ്ക്ക് മാറ്റുന്നതിനാണോ അതോ സ്വതന്ത്ര സോഫ്റ്റ് വെയർ സൗജന്യമായി ഉപയോഗിക്കാം എന്നിരിക്കെ ആയതിലേയ്ക്ക് മാറ്റുന്നതിനാണോ ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡം</u>

611 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ലൈസൻസുള്ള എത്ര പാറ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്നും എത്ര ചെങ്കൽ (വെട്ടുകല്ല്) ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ എന്തൊക്കെ ശിക്ഷാ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിന് പരിസ്ഥിതി ആഘാത നിർണ്ണയ പഠന റിപ്പോർട്ട് ആവശ്യമാണോ; ഇല്ലെങ്കിൽ ഇത്തരം ലൈസൻസുകൾ അനുവദിക്കുന്നതിന് പ്രസ്തുത റിപ്പോർട്ട് ആവശ്യമാണെന്ന നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

വഖഫ് സ്വത്ത് സംരക്ഷണ നടപടി

612 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വഖഫ് ഭരണം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) അന്യാധീനപ്പെട്ട വഖഫ് സ്വത്തുകൾ തിരിച്ച് പിടിക്കുന്നതിനും, വഖഫ് സ്വത്തുകളുടെ പുന:രുദ്ധാരണത്തിനും പ്രത്യേക പാക്കേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;